നം. സി.ഇ.ഇ/5454/2018/KEAM-2019/റ്റി.എ.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# KEAM-2019

## 2019-ലെ സംസ്ഥാനത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം

## ഉയർന്ന പ്രായപരിധിയിൽ ഇളവ് വരുത്തിക്കൊണ്ട് നീറ്റ് (യുജി) പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ/ദന്തൽ കേളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്-അണ്ടർ ഗ്രാജ്വേറ്റ് (NEET-UG) പ്രവേശന പരീക്ഷയിലെ സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന സംസ്ഥാന റാങ്ക് ലസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും. മറ്റ് മെഡിക്കൽ കോഴ്സുകളായ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ബിരുദ കോഴ്സുകളിലെയും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെയും പ്രവേശനവും നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നീറ്റ്-യുജി പ്രവേശന പരീക്ഷയിലെ മെറിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

SLP (C) No. 14320/2018-ലും ബന്ധപ്പെട്ട കേസുകളിലും ബഹു. സുപ്രീം കോടതിയുടെ 29.11.2018 തീയതിയിലെ ഉത്തരവ് പ്രകാരം 25 വയസ് കഴിഞ്ഞവർക്കും ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി നീറ്റ് (യു.ജി)-2019 പ്രവേശന പരീക്ഷയ്ക്ക് വേണ്ടി താത്കാലികമായി അപേക്ഷ സമർപ്പിക്കുന്നതിനും പരീക്ഷ എഴുതുന്നതിനും അനുവദം നൽകിയിട്ടുണ്ട്. തുടർന്ന് 2019-20 അധ്യയന വർഷത്തേയ്ക്കള്ള നീറ്റ് (യു.ജി) പ്രവേശന പരീക്ഷയ്ക്ക് വേണ്ടി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയം **2018 ഡിസംബർ 7 (വെള്ളിയാഴ്ച)** വരെ ദീർഘിപ്പിച്ചുകൊണ്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലോ അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലോ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും 2018 ഡിസംബർ 7-നകം www.ntaneet.nic.in എന്ന വെബ്സൈറ്റിലൂടെ നീറ്റ്-യു.ജി പരീക്ഷയ്ക്കായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടതും നാഷണൽ ടെസ്റ്റിംഗ് ഏജൻസി 2019 മെയ് 5-ന് നടത്തുന്ന നീറ്റ്-യു.ജി പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കേണ്ടതുമാണ്.**

തിരുവനന്തപുരം
30.11.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**